ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ മത്സ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണ പദ്ധതി

89 [1892] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമനിധിയുടെ സഹായത്തോടെ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം ക്ഷേമ പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതിയനുസരിച്ച് മത്സ്യത്തൊഴിലാളികൾക്ക് വീടുവച്ചു കൊടുക്കുന്ന നടപടി എന്നാണ് ആരംഭിച്ചത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഓരോ വർഷവും എത്ര വീടുകൾ വീതം നൽകിവരുന്നു;

(ഡി) ഇതിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും എന്തു സഹായമാണ് ഓരോ വർഷവും ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1. ഭവനനിർമ്മാണ ധനസഹായ പദ്ധതി.
2. സേവിംഗ്സ്-കം റിലീഫ് സ്കീം (സമ്പാദ്യ സമാശ്വാസ പദ്ധതി)
3. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി.

(ബി) 1991-92 വർഷത്തിൽ.

(സി)

2001-2002 വർഷം	..	2000 വീടുകൾ
2002-2003 വർഷം	..	445 വീടുകൾ
2003-2004 വർഷം	..	1500 വീടുകൾ
2004-2005 വർഷം	..	1500 വീടുകൾ

നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഡി)

2001-2002	..	സഹായം ലഭിച്ചിട്ടില്ല
2002-2003	..	200 ലക്ഷം രൂപ
2003-2004	..	50 ലക്ഷം രൂപ

മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതി

90 [1893] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടിനൽകുമോ:

(എ) പഞ്ചമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകാൻ തീരുമാനിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്?

ഉത്തരം

(എ ആന്റ് ബി) മത്സ്യത്തൊഴിലാളികൾക്ക് സമാശ്വാസ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കടലോര മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 300 രൂപ നിരക്കിൽ മാർച്ച്, ഏപ്രിൽ, മേയ്, ജൂൺ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 300 രൂപ നിരക്കിൽ ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലും വിതരണം ചെയ്യുന്നുണ്ട്.

ആനുകൂല്യങ്ങൾ നൽകുന്നതിൽ കടലോര-ഉൾനാടൻ മേഖലകളിലെ വിവേചനം

91 [1894] ശ്രീ. ഷിബു ബേബി ജോൺ:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ:
,, ജോണി നെല്ലൂർ:
,, എ. എൻ. രാജൻബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിലും വിപണനത്തിലും ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളികളെ കടലോര-ഉൾനാടൻ മത്സ്യത്തൊഴിലാളികൾ എന്ന് വേർതിരിച്ച് ആനുകൂല്യങ്ങൾ നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളി കോളനികളിലെ റോഡുകൾ ടാർചെയ്ത് നന്നാക്കുന്നതുപോലെ ഉൾനാടൻ മത്സ്യത്തൊഴിലാളി കോളനികളിലെ റോഡുകളും ടാർ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(സി) കടലോര-ഉൾനാടൻ വ്യത്യാസമില്ലാതെ ആനുകൂല്യം നൽകുമെന്നുള്ള പ്രഖ്യാപനം അനുസരിച്ച് കടലോര മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ലഭ്യമാക്കുമോ?

ഉത്തരം

(എ) സമ്പാദ്യ-സമാശ്വാസ പദ്ധതിയുടെ കാര്യത്തിൽമാത്രമേ ഇങ്ങനെയൊരു വേർതിരിവുള്ളൂ.

(ബി) ഈ വർഷം ഫിഷറീസ് റോഡുകൾക്ക് പ്രത്യേകം ഫണ്ട് നീക്കിവച്ചിട്ടില്ല. പ്രധാനമന്ത്രിയുടെ ഗ്രാമീണ റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപടി സ്വീകരിക്കുന്നതാണ്.

(സി) സമ്പാദ്യ-സമാശ്വാസ പദ്ധതിക്കല്ലാതെ മറ്റ് ഒരു കാര്യത്തിലും വേർതിരിവില്ല.

LIBRARY ARCHIVES Kerala Legislative Assembly